# പതിമൂന്നാം കേരള നിയമസഭ

## (പത്താം സമ്മേളനം)

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 157** **22/01/2014-ൽ മറുപടിയ്ക്ക്**

### മത്സ്യമേഖലയുടെ പിന്നോക്കാവസ്ഥ

| ചോദ്യം | | മറുപടി |
| --- | --- | --- |
| ശ്രീ. എം.ഹംസ<br>ശ്രീ.എളമരം കരീം<br>ശ്രീ.കെ.കെ.നാരായണൻ<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും<br>എക്സൈസും വകുപ്പ് മന്ത്രി) |
| (എ) മത്സ്യമേഖലയുടെ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കാണാൻ പദ്ധതികൾ ആവിഷ്കരിക്കുമോ; | : | മത്സ്യമേഖലയുടെ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കാണുന്നതിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1. മത്സ്യത്തൊഴിലാളി സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി.<br>2. മത്സ്യത്തൊഴിലാളി ഭവനങ്ങൾ അറ്റകുറ്റ പണി നടത്തി വാസയോഗ്യമാക്കുന്നതിനുള്ള പദ്ധതി<br>3. സമ്പൂർണ്ണ ശുചിത്വതീരം<br>4. സംയോജിത മത്സ്യഗ്രാമ വികസനം<br>5. സംസ്ഥാന ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളുടെ നവീകരണം.<br>6. മത്സ്യസമൃദ്ധി 2-ാം ഘട്ടത്തിലേയ്ക്ക്.<br>7. ഉൾനാടൻ മത്സ്യ വികസനത്തിനായി കായൽ ഡ്രെഡ്ജിംഗ്.<br>8. മത്സ്യബന്ധനത്തിന് ഡീസൽ എഞ്ചിനുകൾ.<br>9. ആധുനിക മാർക്കറ്റുകൾ.<br>10. മറൈൻ ആംബുലൻസ്.<br>11. ഐസ് ആന്റ് ഫ്രീസിംഗ് പ്ലാന്റ്.<br>12. ഫിഷ് പ്രോസസ്സിംഗ് കേന്ദ്രങ്ങൾ.<br>13. മാതൃകാ മത്സ്യകൃഷിയിടങ്ങൾ<br>14. സംയോജിത മത്സ്യകൃഷി. |

15. ഫിഷ് മാളുകൾ.
16. മത്സ്യത്തൊഴിലാളികൾക്ക് കടൽ സുരക്ഷാ പദ്ധതി.

| | | |
|---|---|---|
| (ബി) | മത്സ്യമേഖലയിലെ പ്രഖ്യാപിത പദ്ധതികളുടെ നടത്തിപ്പ് അവലോകനം ചെയ്തിട്ടുണ്ടോ; | മത്സ്യമേഖലയിലെ പ്രഖ്യാപിത പദ്ധതികളുടെ നടത്തിപ്പ് വകുപ്പുതലത്തിലും സർക്കാർ തലത്തിലും അവലോകനം ചെയ്യാറുണ്ട്. |
| (സി) | ഭൂമി, പാർപ്പിടം, കക്കൂസ്, കുടിവെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവത്തിൽ മത്സ്യത്തൊഴിലാളി ഗ്രാമങ്ങൾ ദാരിദ്ര്യത്തിലാണെന്നറിയാമോ; എങ്കിൽ പ്രഖ്യാപിത പദ്ധതികൾ നടപ്പാക്കുന്നതിൽ ഉണ്ടായിരിക്കുന്ന വീഴ്ചകൾ പരിഹരിക്കുന്നതിനും സമഗ്രമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും തയ്യാറാകുമോ; | കേരള സംസ്ഥാനത്തിന്റെ 222 കടലോര ഗ്രാമങ്ങളും 113 ഉൾനാടൻ ഗ്രാമങ്ങളും മാതൃകാ മത്സ്യഗ്രാമങ്ങളായി വികസിപ്പിച്ചെടുക്കുകയെന്ന ലക്ഷ്യം മുന്നിൽകണ്ടുകൊണ്ട് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റിന്റെ ധനസഹായത്തോടെ ഓരോ മത്സ്യഗ്രാമങ്ങളിലേയും ആവശ്യകത കണ്ടറിഞ്ഞ് ഒരു വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കി കഴിഞ്ഞു. ഇതിനനുസൃതമായി 3000 കോടി രൂപയുടെ സമഗ്രമായ ഒരു മത്സ്യഗ്രാമ വികസന പദ്ധതിയ്ക്ക് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ രൂപം നൽകി. പദ്ധതികൾ ഘട്ടംഘട്ടമായി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ആഫീസർ